**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 673** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഉന്നതികൾ ഏതൊക്കെയാണെന്നും ഏത് ഏജൻസി മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും ഏത് വർഷം സർക്കാർ ഉത്തരവ് ലഭ്യമായ പദ്ധതിയാണെന്നുമുള്ള വിവരം നൽകാമോ;

**<u>മറുപടി:</u>** 1. പഴയകുളം (2021-22)

ഏജൻസി- FIT

2. എടക്കാട് നായാടി നഗർ (2022-23)

ഏജൻസി- FIT

**(ബി)** പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ഇപ്പോഴുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** **<u>പഴയകുളം ഗ്രാമം</u>** നവീകരണത്തിൽ റോഡു പണി, സംരക്ഷണ മതിൽ, വായനശാല കോമ്പൗണ്ട് മതിലും പെയിന്റിംഗും, വായനശാലയിലേക്ക് പുസ്തകങ്ങൾ, ബുക്ക് റാക്ക് (2 എണ്ണം), കമ്പ്യൂട്ടർ, ടേബിൾ, ചെയർ, പ്രിന്റർ, മിനിമാസ്റ്റ് ലൈറ്റ് എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെയിനേജ് (ഓവുചാൽ നിർമ്മാണം) പുരോഗമിക്കുന്നു.

**<u>എടക്കാട് നായാടി നഗറിൽ</u>** 15 വീടുകളുടെ അറ്റകുറ്റപ്പണി ഉൾപ്പെടുത്തിയതിൽ 10 എണ്ണം പൂർത്തിയായി. കോൺക്രീറ്റ് റോഡ് നിർമ്മാണം, റോഡിന്റെ ജി.എസ്.ബി (ഗ്രാനുലാർ സബ് ബേസ്) നിർമ്മാണം, നിലവിലുള്ള റോഡ് പുനരുദ്ധാരണം/അറ്റകുറ്റപ്പണി എന്നിവ പുരോഗമിക്കുന്നു. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, മിനിമാസ്റ്റ് ലൈറ്റ് ഫിറ്റിംഗ്, കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം എന്നിവ ആരംഭിച്ചിട്ടില്ല.

**(സി)** സർക്കാർ ഉത്തരവായതിനു ശേഷവും ഇതുവരെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത ഏതെങ്കിലും ഉന്നതികൾ മണ്ഡലത്തിൽ ഉണ്ടോ; എങ്കിൽ അതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

**<u>മറുപടി:</u>** കേരളപറമ്പ്(2023-24) ആലത്തൂർ ഗ്രാമ പഞ്ചായത്ത്, നെല്ലിക്കൽക്കാട് (2024-25) തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത്, കല്ലാനിക്കര എസ്. സി. നഗർ (2025-26) വണ്ടാഴി ഗ്രാമ പഞ്ചായത്ത്, പുന്നക്കുളം എസ്. സി. നഗർ (2025-26) ആലത്തൂർ ഗ്രാമ പഞ്ചായത്ത് എന്നീ ഗ്രാമങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**